**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2489** **15-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായരംഗത്തെ വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ രംഗത്ത് വലിയ വളർച്ചയുണ്ടെന്ന അവകാശവാദം നിലനിൽക്കുമ്പോഴും, 2022-23 കാലയളവിൽ രാജ്യത്തിന്റെ ജി.ഡി.പി.യിലേക്കുള്ള സംസ്ഥാന വിഹിതമായ 3.8 ശതമാനത്തിൽ നിന്നും മാറ്റമില്ലാത്ത വളർച്ചയാണ് 2023-24 കാലഘട്ടത്തിലും രേഖപ്പെടുത്തിയിരിക്കുന്നതെന്ന പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യവസായ രംഗത്ത് വലിയ വളർച്ച കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖലകളിൽ വളരെ അധികം നേട്ടങ്ങളാണ് നാളിതുവരെയായി കേരളം കൈവരിച്ചിട്ടുള്ളത്. കഴിഞ്ഞ 5 വർഷ കാലയളവിൽ (2018-19 മുതൽ 2022-23 വരെ) കേരളത്തിലേക്കു മാത്രം ആകർഷിച്ച നിക്ഷേപം ഏകദേശം 91,573 കോടി രൂപയുടേതാണെന്ന് ദേശീയ തലത്തിൽ, എം.എസ്.എം.ഇ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിയ പഠനമായ 'സ്റ്റഡി ഓൺ ഇൻവെസ്റ്റ്മെന്റ് ഗ്രോത്ത് ആൻഡ് ഡെവലപ്മെന്റ്' എന്ന റിപ്പോർട്ടിൽ ചൂണ്ടി കാണിക്കുന്നു. കൂടാതെ 2018-19 മുതൽ 2022-23 വരെയുള്ള കാലയവിൽ 33,815 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ സംസ്ഥാനത്ത് പൂർത്തിയായതായും പഠനം പറയുന്നു. മാത്രമല്ല, കേരള സർക്കാർ നടപ്പിലാക്കിയ സംരംഭക വർഷം പദ്ധതിയിലൂടെ നാളിത് വരെ ആകെ 3,05,319 സംരംഭങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുകയും അതുവഴി 19797.14 കോടി രൂപ നിക്ഷേപവും 6,49,436 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ വ്യാവസായികരംഗത്തും ആഭ്യന്തര ഉല്പാദന രംഗത്തും ഉണ്ടായിട്ടുള്ള വളർച്ച രാജ്യത്തിന്റെ ജി.ഡി.പി യിലേക്ക് ഗണ്യമായി സംഭാവന നൽകി എന്ന് വിലയിരുത്തിയിട്ടുണ്ട്. കേരളത്തിന്റെ ആപേക്ഷിക പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയുടെ 152.5 ശതമാനമാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>സംരംഭകരംഗത്ത് വളർച്ച കൈവരിക്കാൻ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ |

വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും ചെയ്യുക വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്.

2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധിയുണ്ട്. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.

സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ സേവനങ്ങളും മറ്റ് വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചു പ്രവർത്തനം നടന്നു വരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനു സഹായകരമാകുന്നുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19 നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം

പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും, 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനും സഹായിക്കുന്നതിനായി "കേരള ബ്രാൻഡ്" സംവിധാനം ആരംഭിച്ചിട്ടുണ്ട്.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സുമായി (ONDC) MoUഒപ്പ് വച്ചു. ONDC നെറ്റ്‌വർക്കിലേക്ക് പ്രൊഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു.

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. MSME- കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടികാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. MSME നൽകുന്ന വാർഷിക

ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 5000 രൂപ) റീഇംബേഴ്സ്മെന്റ് ആയി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ആണ് നടപ്പിലാകുന്നത്.

താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കുവാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 456തദ്ദേശ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ1000എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി ഇതുവരെ 213 സംരംഭങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ

ബോധത്തോടെ വ്യവസായ നയം, 2023 [സ.ഉ (കൈ) നം 28/2023/ID തീയതി 01/04/2023] സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു.

വ്യവസായ വികസനത്തിൽ രാജ്യത്ത് ഉന്നത സ്ഥാനത്തേക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനായി വിവിധ സ്വയംതൊഴിൽ പദ്ധതികളിലൂടെ ആനുകൂല്യം നൽകി വരുന്നു. വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്)

2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ് പദ്ധതി

3. ഒരു കുടുംബം ഒരു സംരംഭം പദ്ധതി.

4. നിലവിലുള്ള എം.എസ്.എം.ഇ. കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം.

5. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി.

6. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units).

സംസ്ഥാനത്ത് വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന 31 വ്യവസായ പാർക്കുകൾ കിൻഫ്ര വിജയകരമായി

നടപ്പിലാക്കിയിട്ടുണ്ട്. ഇതുവരെ ഏറ്റെടുത്ത ഭൂമിയിൽ 3438.23 ഏക്കർ ഭൂമിയും വിവിധ സംരംഭകർക്ക് കിൻഫ്ര അനുവദിച്ചു, 1407707.01 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിടങ്ങളിലെ (SDF) 1163750.42 ചതുരശ്ര അടി അനുവദിച്ചു. കിൻഫ്ര നടത്തിയ വിവിധ അലോട്ട്മെന്റുകൾ മുഖേന 70,000 ഓളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും 6000 ത്തോളം കോടി സ്വകാര്യ നിക്ഷേപങ്ങൾ കേരളത്തിൽ എത്തിക്കുവാനും കഴിഞ്ഞു.

2021 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെ കിൻഫ്ര 462 യൂണിറ്റുകൾക്കായി 236 ഏക്കർ ഭൂമിയും 5.85 ലക്ഷം ച.അടി ബഹുനില കെട്ടിടസമുച്ചയവും ആണ് അലോട്ട്മെൻറ് നടത്തിയത്. ഇതുമുഖേന 28,094 ഓളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും 2287 ഓളം കോടി രൂപയുടെ സ്വകാര്യ നിക്ഷേപങ്ങൾ കേരളത്തിൽ എത്തിക്കുവാനും കഴിഞ്ഞു.

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി സ്ഥലം ഏറ്റെടുക്കൽ : വ്യവസായവത്ക്കരണവും വ്യവസായ പുരോഗതിയും കൈവരിക്കാനായുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പ്രത്യേക പദ്ധതിയാണ് ഇത്. സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതല കിൻഫ്രയ്ക്കാണ്.

പാലക്കാടിൽ (ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന്) 1450 ഓളം ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. കേന്ദ്ര സർക്കാർ 28.08.2024 ന് 3806 കോടി രൂപക്ക് പാലക്കാടുള്ള ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന് കേന്ദ്ര ക്യാബിനറ്റ് അംഗീകാരം നൽകി. CCEA അംഗീകാരത്തിന് പുറമെ, തുടർന്നുള്ള നടപടിക്രമങ്ങൾ പ്രാപ്തമാക്കുന്നതിന് Govt. of India യും Govt of Kerala യും തമ്മിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനം വേഗത്തിലാക്കാൻ സംസ്ഥാനം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. പാലക്കാട് നോഡിൽ 10,000 കോടി രൂപയുടെ നിക്ഷേമാണ് പ്രതീക്ഷിക്കുന്നത്. 22,000 ഓളം നേരിട്ടും 80,000 പരോക്ഷവുമായ തൊഴിൽ അവസരങ്ങളാണ് പ്രതീക്ഷിക്കുന്നത്.

- പ്രമുഖ കമ്പനികളുടെ വ്യവസായ നിക്ഷേപം: ഈ കാലയളവിൽ പ്രമുഖ സ്ഥാപനങ്ങൾ ആയ ടി.സി.എസ്, ടാറ്റ എലക്സി, വി-ഗാർഡ്, അഗാപ്പെ ഡയഗ്നോസ്റ്റിക്സ്, ഹൈകോൺ, വിൻ-വിഷ് ടെക്നോളജിസ്, ട്രാൻസ് ഏഷ്യൻ ഷിപ്പിംഗ് കോ, ജോളി കോട്സ്, ഡി -സ്പേസ്,

ജെൻറോബോട്ടിക്സ് എന്നിവർക്ക് അലോട്‌മെന്റ് കൊടുക്കാൻ സാധിച്ചു.

- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, 1.2 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു റെഡി-ടു മൂവ് ഇൻ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പൂർത്തീകരിച്ച് ഐ.ടി/ഐ.ടി.ഇ.എസ് വ്യവസായങ്ങൾക്കായി ഉദ്ഘാടനം ചെയ്തു.
- കിൻഫ്ര സ്പൈസസ് പാർക്ക് ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി, 2023 ഒക്ടോബർ 14-ന് പാർക്ക് ഉദ്ഘാടനം ചെയ്തു. 80% ഭൂമിയും അനുവദിച്ചു കഴിഞ്ഞു.
- ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, (IECC) കാക്കനാട്, കൊച്ചി - എക്സിബിഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി, ഉദ്ഘാടനം ചെയ്തിട്ടുണ്ട്.
- കിൻഫ്ര ഫിലിം & വീഡിയോ പാർക്കിലെ SEZ-ൽ ഏകദേശം രണ്ട് ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയിൽ ഒമ്പത് നിലകളിലായി ഒരു അത്യാധുനിക ഐ.ടി കെട്ടിടം (ഘട്ടം -I) പൂർത്തീകരിച്ചു. പ്രമുഖ MNC കമ്പനിയായ ടാറ്റ എലക്സിക്ക് കെട്ടിടം പൂർണമായും അനുവദിച്ചു.
- മലപ്പുറം, കാക്കഞ്ചേരി, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ 1 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (നിയോസ്പേസ് II) പൂർത്തിയായി, ഐ.ടി/ ഐ.ടി.ഇ.എസ് വ്യവസായങ്ങൾക്കായി പൂർണ്ണമായും അനുവദിച്ചിരിക്കുന്നു.
- ഗ്രാഫീനിന് അനുകൂലമായ ഒരു സംസ്ഥാന ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന സർക്കാർ ഒരു കേരള ഗ്രാഫീൻ നയം ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാഫീൻ പാർക്ക് പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (GPPF) സ്ഥാപിക്കുന്നതിനായി ഒറ്റപ്പാലത്തെ കിൻഫ്ര ഡിഫൻസ് പാർക്കിൽ ബിൽറ്റ്-അപ്പ് ഏരിയകളും സ്ഥലവും ഏറ്റെടുക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (DUK) താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഗ്രാഫീൻ പാർക്കിനായി ഏകദേശം 60,000 ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയും അലോട്ട് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 10 ഏക്കറോളം സ്ഥലം നിർദ്ദിഷ്ട പദ്ധതിക്കായി മാറ്റിവച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ മൊത്ത ആഭ്യന്തര ഉല്പാദനം ഓരോ വർഷവും മെച്ചപ്പെട്ടുവരുമ്പോഴും അത് ദേശീയതലത്തിൽ പ്രതിഫലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ കേരളം ദേശീയ ശരാശരിയെ മറികടന്ന് 6.6 ശതമാനം ജി.ഡി.പി വളർച്ച കൈവരിച്ചതായി കേരളാ പ്ലാനിംഗ് ബോർഡിന്റെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ